**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1837** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഏലയ്ക്കയുടെ വിലയിടിവ് മൂലം ഏലം കർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഏലയ്ക്കയുടെ വിലയിടിവ് മൂലം ഏലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കർഷകർ വ്യാപകമായി ഏലം കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ ഏലയ്ക്കയ്ക്ക് തറവില നിശ്ചയിച്ച് തരുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായി ശുപാർശ ചെയ്യുന്നത് കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് (CACP) ആണ്. ഉല്പാദകരുടേയും ഉപഭോക്താക്കളുടേയും താല്പര്യങ്ങൾക്ക് തുല്യമായ വില ഘടന രൂപപ്പെടുത്തുന്നതിന് അതാത് സമയങ്ങളിൽ കാർഷിക ഉല്പന്നങ്ങളുടെ വില സംബന്ധിച്ച് കമ്മീഷൻ സർക്കാരിന് ഉപദേശം നൽകുന്നു. CACP ലിസ്റ്റിൽ ഏലം ഉൾപ്പെട്ടിട്ടില്ല. കൂടാതെ കാർഷിക ഉല്പന്നങ്ങങ്ങൾക്കുള്ള സഹായം നൽകി വരുന്നത് കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള വില സ്ഥിരതാ ഫണ്ടിൽ (PSF) നിന്നാണ്. ടി ഫണ്ടിന്റെ പരിധിയിലും ഏലം ഉൾപ്പെട്ടിട്ടില്ല കേന്ദ്ര സർക്കാർ 25 വിള ഇനങ്ങൾക്കാണ് കുറഞ്ഞ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിൽ നിന്നും കൂടുതൽ നാണ്യവിളകൾ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുകൂല നിലപാട് എടുത്തിട്ടില്ല. ഏലത്തിന് താങ്ങുവില നിശ്ചയിക്കുന്നതിനായി CACP യുടെ പരിധിയിൽ കൊണ്ടുവരുന്നത് പരിഗണിക്കുന്നതിനായി സ്പൈസസ് ബോർഡ്, Ministry of commerce & industry യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഏലം കർഷകരെ ഗുരുതര പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ? | (സി) | ഏലം സ്പൈസസ് ബോർഡിന്റെ പരിധിയിൽ വരുന്ന നിർബന്ധിത വിളയാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, ജലസേചന വികസനം, മെച്ചപ്പെട്ട ഏലം ക്യൂറിംഗ് ഉപകരണങ്ങൾ, ഗുണമേന്മ മെച്ചപ്പെടുത്തൽ, ഏലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ |

| | | | |
|---|---|---|---|
| | | | തുടങ്ങിയ വികസന പരിപാടികളിലൂടെ സ്പൈസസ് ബോർഡ് കർഷകരെ പിന്തുണയ്ക്കുന്നുണ്ട്.<br>ഏലത്തിന്റെ വിലയിടിവ് സംബന്ധിച്ച് കേന്ദ്ര ഇടപെടലുകൾ ഉണ്ടാകുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ